**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭാ ജീവനക്കാര്യം - കൊച്ചി കോർപ്പറേഷൻ- ഹെൽത്ത് ഓഫീസർ - ശ്രീമതി.ടി.കെ.ബീനയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി- അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.874/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,22/04/2019.

പരാമർശം :- 1. വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08/02/2015 തീയതിയിലെ ഇ 7 (എസ്.സി.03/14/ഇ.കെ.എം.) 40151/2013 നമ്പർ കത്ത്.

2. കൊച്ചി കോർപ്പറേഷൻ-ഹെൽത്ത് ഓഫീസർ ശ്രീമതി.ടി.കെ.ബീനയ്ക്ക് നൽകിയ 30/06/2015 തീയതിയിലെ ഇ.യു.1/285/2015- തസ്വഭവ നമ്പർ കുറ്റപത്രം.

3. ശ്രീമതി.ടി.കെ.ബീന സമർപ്പിച്ച 10.10.2015 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 11/09/2015, 17/08/2016, 10/12/2018 തീയതികളിലെ വി1-114741/15/ഡി.യു.എ നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷൻ ഹെൽത്ത് വിംഗിലെ കണ്ടിജന്റ് വിഭാഗത്തിലെ നിയമനവുമായി ബന്ധപ്പെട്ട് പണം ആവശ്യപ്പെട്ട എന്ന ശ്രീ. ലോനൻ ജോസഫിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തുകയും കണ്ടിജന്റ് വിഭാഗത്തിലെ നിയമനവുമായി ബന്ധപ്പെട്ട ശ്രീ. ലോനൻ ജോസഫിന്റെ അപേക്ഷയിൽ രണ്ടുമാസത്തിനകം തീരുമാനമെടുക്കണമെന്ന ബഹു. ഹൈക്കോടതിയുടെ 07.02.2012 ലെ നിർദ്ദേശം പാലിക്കുന്നതിൽ ഹെൽത്ത് വിഭാഗം വളരെയധികം കാലതാമസം വരുത്തിയതായി കണ്ടെത്തുകയും, ഹെൽത്ത് ഇൻസ്പെക്ടർ ഇൻ-ചാർജ്ജായിരുന്ന ശ്രീമതി ടി.കെ ബീനയ്ക്കെതിരെ നടപടി സ്വീകരിക്കുവാൻ പരാമർശം ഒന്ന് പ്രകാരം ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ബീനയ്ക്ക് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ പത്രം നൽകുകയുണ്ടായി.

പരാമർശം മൂന്ന് പ്രകാരം, ശ്രീമതി ടി.കെ ബീന സമർപ്പിച്ച പ്രതിവാദ പത്രികയിൽ, ഹെൽത്ത് ഓഫീസറുടെ ചാർജ്ജുണ്ടായിരുന്ന ശ്രീ. പി.കെ തമ്പി, 30.11.2013 ൽ റിട്ടയർ ചെയ്തപ്പോൾ കേവലം ഒരു മാസത്തേക്കുമാത്രം (01.12.3013 മുതൽ 01.04.2014 വരെ) ഹെൽത്ത് ഓഫീസറുടെ പൂർണ്ണ അധിക ചുമതല തന്നെ ഏൽപ്പിക്കുകയുണ്ടായെന്നും, ഈ കാലയളവിൽ ശ്രീ. ലോനൻ ജോസഫിന്റെ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ തനിക്കു സമർപ്പിക്കുകയോ, ഏതെങ്കിലും നടപടികൾക്കായി പ്രസ്തുത ഫയൽ താൻ കാണുകയോ ചെയ്തിട്ടില്ലായെന്നും ബോധിപ്പിച്ചിരുന്നു. ചാർജ്ജ് മെമ്മോയിൽ പറയുന്ന കാലഘട്ടത്തിൽ ഫയലിന്റെ കസ്റ്റോഡിയനോ/ സൂപ്രണ്ടോ പരാതിക്കാരനിൽ നിന്നും പണം ആവശ്യപ്പെട്ട വിവരം തനിക്ക് അറിവില്ലാത്തതാണെന്നും ഇക്കാരണങ്ങളാൽ കേവലം ഒരു മാസത്തേയ്ക്കുമാത്രം ഹെൽത്ത് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലത്ത് ഉണ്ടായി എന്നാരോപിക്കപ്പെടുന്ന കാര്യങ്ങളിൽ താൻ നിരപരാധിയാണെന്നും തനിക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി

അവസാനിപ്പിക്കണമെന്നും അപേക്ഷിച്ചിരുന്നു.

ശ്രീമതി ബീനയുടെ ഹെൽത്ത് ഓഫീസറായുള്ള സേവനം വളരെ ചുരുങ്ങിയ സമയത്തേയ്ക്കായിരുന്നു. ഈ കാലയളവിൽ ഫയൽ ടിയാളുടെ പരിഗണനയ്ക്ക് വരുകയുണ്ടായില്ല. കൂടാതെ കോടതി വിധി പ്രകാരം 30.10.12 ൽ സ്വീകരിച്ച അപേക്ഷ തീരുമാനം കൈക്കൊള്ളുന്നതിനുള്ള രണ്ടുമാസത്തെ സമയം അവസാനിച്ചതിനുശേഷം 01.03.2013 ലാണ് അന്നത്തെ ഹെൽത്ത് ഓഫീസർ കാണുന്നത്. ആ സമയത്ത് തന്നെ കോടതി വിധിയുടെ ലംഘനം നടന്നിട്ടുണ്ട്. കൂടാതെ സെക്ഷനിൽ ലഭിച്ച ഫയലിൽ തുടർനടപടി ഉണ്ടാവുന്നത് 10/01/2014 ലാണ്. ശ്രീമതി ബീന 01/01/2014 ൽ ഹെൽത്ത് ഓഫീസറുടെ ചാർജ്ജ് ഒഴിഞ്ഞിട്ടുള്ളതാണ് എന്ന് പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ശ്രീമതി ബീനയുടെ മറുപടിയുടെ അടിസ്ഥാനത്തിലും, ശ്രീമതി ബീന സേവനത്തിൽ നിന്നും വിരമിച്ചു എന്ന വസ്തുത പരിഗണിച്ചും, ടിയാളുടെ ഹെൽത്ത് ഓഫീസർ തസ്തികയിലെ സേവനം ചുരുങ്ങിയ കാലത്തേയ്ക്കായിരുന്നുവെന്നതിനാലും, ടിയാളുടെ പേരിലുള്ള അച്ചടക്കനടപടി അവസാനിപ്പിക്കാവുന്നതാണ് എന്ന് നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ടും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി ബീനയുടെ മറുപടിയുടെ അടിസ്ഥാനത്തിലും, ശ്രീമതി ബീന സേവനത്തിൽ നിന്നും വിരമിച്ചു എന്ന വസ്തുത പരിഗണിച്ചും, ടിയാളുടെ ഹെൽത്ത് ഓഫീസർ തസ്തികയിലെ സേവനം ചുരുങ്ങിയ കാലത്തേയ്ക്കായിരുന്നുവെന്ന നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും ടിയാളുടെ പേരിലുള്ള അച്ചടക്കനടപടിയിന്മേൽ തുടർ നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീമതി.ടി.കെ.ബീന, റിട്ട:ഹെൽത്ത് ഓഫീസർ, കൊച്ചി കോർപ്പറേഷൻ(നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.